# 30,000 കോടി രൂപയുടെ
# തേക്കുനിക്ഷേപതട്ടിപ്പ് : ഉന്നതർക്കും പങ്ക്

കേരളീയം ന്യൂസ് സർവ്വീസ്.

**രാ**ജ്യത്തെ ലക്ഷകണക്കിന് നിക്ഷേപകരിൽ നിന്നും 30,000 കോടി രൂപ തേക്ക് നിക്ഷേപ കമ്പനികൾ സമാഹരിച്ചുവെന്ന് സെക്യൂരിറ്റി എക്സ് ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി) കണ്ടെത്തിയിരിക്കുന്നു. പണം വീണ്ടെടുക്കുന്നതിനുള്ള ശ്രമത്തിന് നേതൃത്വം നല്കുവാൻ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെയും സെബിയിലെയും ഉന്നത ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു കേന്ദ്ര കമ്മറ്റി രൂപീകരിച്ചു കഴിഞ്ഞു. 1993 മുതൽ 96 വരെയുള്ള കാലഘട്ടത്തിലാണ് ഇത്രയും വലിയ തട്ടിപ്പ് തേക്ക്, മാഞ്ചിയം കമ്പനികൾ നടത്തിയത്. ആയിരം രൂപ മുടക്കി ഒരു തേക്ക് നിക്ഷേപ യൂണിറ്റ് എടുക്കുന്ന ആളിന് 20 വർഷം കഴിയുമ്പോൾ 1ലക്ഷം രൂപ കിട്ടുന്ന മാജിക്കിൽ ജനം വിശ്വസിച്ചു.

കേരളീയർ മാഞ്ചിയം പരിചയപ്പെടുന്നത് 1990 ലാണ്. തേക്ക് ഒരുവിലകൂടിയ മരം അല്ലാതെ അതിന്റെ വളർച്ചയെ കുറിച്ചോ വിലയെകുറിച്ചോ വ്യക്തമായ ധാരണ ജനത്തിന് ഉണ്ടായിരുന്നില്ല. കേരളത്തിലെ പ്രമുഖരായ വനംവകുപ്പ് ഉദ്യോഗ സ്ഥരെയും കൃഷിശാസ്ത്രജ്ഞരെ മുന്നിൽ നിറുത്തിയാണ് ലാഭത്തെക്കുറിച്ച് തെറ്റായ വിവരണങ്ങൾ നല്കിയാണ് ഈ വമ്പൻ തട്ടിപ്പ് പദ്ധതി അരങ്ങേറിയത്.

അന്വേഷണ ഏജൻസിയുടെ കണക്ക് അനുസരിച്ച് തെക്കേ ഇന്ത്യയിൽ നിന്നും തേക്ക്നിക്ഷേപ കമ്പനികൾ തട്ടിയെടുത്തത് 10,000 കോടി രൂപയാണ്. ഇതിൽ കേരളത്തിൽ നിന്നുള്ള നിക്ഷേപകരാണ് കൂടുതൽ. തിരുവനന്തപുരം, കൊച്ചി, പാലക്കാട്, തൃശൂർ എന്നീ നഗരങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ച 20 തോളം സ്വദേശി കമ്പനി കളാണ് മുൻപന്തിയിൽ. പുറത്തുനിന്നുള്ള സ്റ്റെർലിംഗ്, അനുഭവ്, വി.ജെ.എൽ. തുടങ്ങിയ ചുരുക്കം ചില കമ്പനികൾക്ക് മാത്രമേ കേരളത്തിൽ പരസ്യവും മാർക്കറ്റിങ്ങും ഉണ്ടായിരുന്നത്.

കേരളത്തിലെ പ്രസിദ്ധരായ ഉന്നത ഉദ്യോഗസ്ഥരുടെ പ്രത്യക്ഷവും പരോക്ഷവുമായ പങ്കാളിത്തം ഒട്ടുമുക്കാൽ നിക്ഷേപ കമ്പനികൾക്കും ഉണ്ടായിരുന്നു. എ.എഫ്. എസ്സുകൾ തേക്കിനെ കുറിച്ച് തെറ്റായി പറഞ്ഞ വിവരങ്ങൾ അക്ഷരാർത്ഥത്തിൽ പാവം നിക്ഷേപകർ വിശ്വസിച്ചു. ഇതിൽ പങ്കാളികളായ ഉദ്യോഗസ്ഥർ പലരും പൊതുപരിപാടികളിൽ പങ്കെടുക്കുന്നവരും പുസ്തകങ്ങളും ലേഖനങ്ങളും എഴുതുന്നവരുമായിരുന്നു. ഇതു മൂലം പ്രായോഗികമായി ചിന്തിക്കുന്നവരും തട്ടിപ്പുകളിൽ സാധാരണ വീഴാത്തവരും തേക്കു നിക്ഷേപത്തിൽ വഞ്ചിതരായി.

വനം വകുപ്പിലെ റിട്ട: ചീഫ് കൺസർവേറ്റർ സി.കെ. കരുണാകരനും, ഡോ.എം.എൻ.സി. നായർക്കും പങ്കുള്ള കല്പകാ തേക്കുപ്ലാന്റേഷന്റെ പരസ്യത്തിലെ ആദ്യ വാചകം ഇങ്ങനെയായിരുന്നു. " വീണ്ടും ഒരു തേക്കു നിക്ഷേപ പദ്ധതി, എന്നാൽ മഹത്തായ ഒരു വ്യത്യാസം അതിന്റെ രക്ഷാധികാരികൾ തരുന്ന ഉറപ്പ്" . സാധാരണക്കാരന്റെ വിശ്വാസം പിടിച്ചു പറ്റാൻ ഇതിലപ്പുറം എന്തുവേണം.

എം.ഷംസുദ്ദീൻ ജോയിന്റ് ഡയറക്ടർ അഗ്രികൾച്ചർ [റിട്ട:] ആർ. സുകുമാരൻ നായർ, ജോയിന്റ് ഡയറക്ടർ കോപ്പറേറ്റീവ് [റിട്ട:] , സി.കെ.കരുണാകരൻ ഐ.എഫ്.എസ്. [റിട്ട:], ഡോ. എം.എൻ.സി നായർ പ്രൊഫ: അഗ്രികൾച്ചർ യൂണിവേഴ്സിറ്റി [റിട്ട:]. തുടങ്ങി പല പ്രമുഖർക്കും 1000 രൂപ മുതൽ 25,000 രൂപ വരെ യൂണിറ്റ് ഒന്നിന് വില ഉണ്ടായിരുന്ന വിവിധ തേക്ക്, മാഞ്ചിയം കമ്പനിക ളിൽ പങ്കാളിത്തമുണ്ടായിരുന്നു.

1993 ൽ ആരംഭിച്ച കമ്പനികൾ പലതും 6 ാം വർഷം നിക്ഷേപകർക്ക് ലാഭവിഹിതവും ബോണസും നൽകുമെന്ന് വാഗ്ദാനം ചെയ്തിരുന്നു. ഏഴു വർഷം കഴിഞ്ഞിട്ടും നാളിതുവരെ നിക്ഷേപകർക്ക് ഒരു പൈസ പോലും ലഭിച്ചതായി അറിവില്ല.

തേക്കു കമ്പനികളുടെ തട്ടിപ്പ് പുറത്തുവന്നത് 1996 ലാണ്. ചുരുക്കം ചില കമ്പനികൾക്കെതിരെ മാത്രമേ ക്രിമിനൽ കേസ് എടുത്തിട്ടുണ്ടായിരുന്നുള്ളു. മറ്റു കമ്പനികൾ പരസ്യം നിറുത്തി മാർക്കറ്റിൽ നിന്നും പിൻമാറി. തങ്ങൾ കബളിപ്പിക്കപ്പെട്ടത് പുറത്തറിഞ്ഞാലുള്ള നാണക്കേടു കാരണം പരാതി നൽകാതെ സഹിക്കുകയായിരുന്നു ബഹുഭൂരിപക്ഷം നിക്ഷേപകരും.

റിസർവ്വ് ബാങ്കും സെബിയും വളരെ വൈകിയാണ് ഈ പ്രശ്നത്തിൽ ഇടപെട്ടത് തേക്കുകമ്പനികൾ ജനങ്ങളിൽ നിന്നും ശേഖരിച്ച 30,000 കോടി

---

**C.K. KARUNAKARAN IFS (Rtd)** **Tele: 66319**
**PRATEEKSHA** **Thiruvananthapuram**
**GANDHI NAGAR, COTTON HILL**
**THIRUVANANTHAPURAM - 695 014** **Date: 5th May 1993**

Project "KALPA-TEAK" being launched by KALPAKA TEAK PLANTATION LIMITED is a truly viable and at the same time highly profitable investment scheme for the general public. Promoted by a selected group of talented businessmen of good standing in society, the company can ensure rich returns to the investors. The confluence of professional talents and scientific culture is directed towards exploiting the natural energy sources through the medium of a bio-system like teak - KALPA THARU of the modern age - to enrich the prosperity of mankind.

I am truly happy to be associated with this scheme as the consultant of the company.

C. K. KARUNAKARAN I.F.S. (Retd.)

---

**Dr. M.N.C. NAYAR, M.Sc. (Ag)Ph.D,**
**(Formerly Professor, Agricultural University of Kerala)**
**'Sri Hari', Parakkat Lane,**
**Poonkunnam, TRICHUR.**

**5th May 1993.**

Kalpaka Teak Plantation Limited is launching a very good investment scheme for the general public. The high rate of returns assured by the Company to the investors is certainly feasible by adopting modern scientific agricultural practice, supported by professional management. The promoters are men of credibility and having rich experience for several years in the professional management of large business concerns.

I am only too happy to be associated as a Consultant in this endeavour for bringing prosperity to the community at large.

Dr. M.N.C. NAYAR M.Sc., (Ag) Ph. D.,

---

(ശേഷം 5-ാം പേജിൽ)

# മാഞ്ചിയം തട്ടിപ്പ്

(1-ാം പേജ് തുടർച്ച)

രൂപ തിരികെ പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയിലെ മൂന്നും സെബിയിലെ മൂന്നും വീതമുള്ള ഉന്നത ഉദ്യോഗസ്ഥർ അടങ്ങിയ കേന്ദ്ര കമ്മറ്റിയാണ് ഇതിന് നേതൃത്വം നൽകുന്നത്. അന്വേഷണം പൂർത്തിയാക്കാൻ രണ്ട് മൂന്ന് വർഷം വേണ്ടിവരുമെന്ന് പറയുന്നു. വളരെ വൈകിയുള്ള ഈ അന്വേഷണം ഫലപ്രദമാകുമോ എന്ന കാര്യം സംശയമുണ്ട്. തട്ടിപ്പിന് ഉന്നതരുടെ പങ്കിനെക്കുറിച്ച് അന്വേഷിക്കുവാനുള്ള സാധ്യത കുറവാണ്. തേക്കുനിക്ഷേപപദ്ധതികളിലുള്ള അവരുടെ പങ്കും അന്വേഷണ വിധേയമാക്കണം. എൺപതുകളിലെ ബ്ലയിഡ് തട്ടിപ്പിൽ ഉന്നതർക്ക് പങ്കുണ്ടായിരുന്നു. തൊണ്ണൂറുകളിലെ തേക്കുതട്ടിപ്പിൽ അതാവർത്തിച്ചു. ഈ ദശാബ്ദത്തിന്റെ ആദ്യ വർഷങ്ങളിൽ തന്നെ ബ്ലയിഡിന്റെയും തേക്കിന്റെയും പുതിയ പതിപ്പുകൾ രംഗത്തുവരാൻ സാദ്ധ്യതയുണ്ട്.